**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **24-06-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് കാസർകോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br><br>2. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി<br><br>3. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണം പദ്ധതി<br><br>4. ആശ പദ്ധതി (അസിസ്റ്റന്റ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ്)<br><br>5. വ്യവസായ ഭദ്രത – പലിശ ഇളവ് പദ്ധതി<br><br>6. കശുവണ്ടി യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി<br><br>7. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി<br><br>കാസർഗോഡ് ജില്ലയിൽ കിൻഫ്രയുടെ സീതാംഗോളി സ്മാൾ ഇൻഡസ്ട്രീസ് പാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2.71 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം ഈ പാർക്കിനോട് ചേർന്ന് ജങ്ക് യാർഡ് നിർമാണത്തിനായി 21.07 ഏക്കർ ഭൂമി 11.03 കോടി രൂപ ചെലവിൽ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | 2021-22 കാലയളവിൽ സംരംഭക സഹായ പദ്ധതി പ്രകാരം 86 സംരംഭങ്ങളിലായി 367.47 ലക്ഷം രൂപ ചെലവഴിച്ചു. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണം പദ്ധതി പ്രകാരം 31 സംരംഭങ്ങളിലായി 8ലക്ഷം രൂപ ചെലവഴിച്ചു. |

| | | | |
|---|---|---|---|
| | | | ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം 18 സംരംഭങ്ങളിലായി 54.38 ലക്ഷം രൂപയും ചെലവഴിച്ചു.<br><br>2022-23 കാലയളവിൽ സംരംഭക സഹായ പദ്ധതി പ്രകാരം 51 യൂണിറ്റുകളിലായി 269 ലക്ഷം രൂപ ചെലവഴിച്ചു. ആശ പദ്ധതി (അസിസ്റ്റന്റ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസൻസ്) പ്രകാരം 5 യൂണിറ്റുകളിലായി 2.13 ലക്ഷം രൂപയും ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം 19 യൂണിറ്റുകളിലായി 54.2 ലക്ഷം രൂപയും ചെലവഴിച്ചു. വ്യവസായ ഭദ്രത – പലിശ ഇളവ് പദ്ധതി പ്രകാരം 23 യൂണിറ്റുകളിലായി 5.38 ലക്ഷം രൂപയും കശുവണ്ടി യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം 2 യൂണിറ്റുകളിലായി 10 ലക്ഷം രൂപയും ചെലവഴിച്ചു.<br><br>2023-24 കാലയളവിൽ സംരംഭക സഹായ പദ്ധതി പ്രകാരം 5 യൂണിറ്റുകളിലായി 34 ലക്ഷം രൂപയും കശുവണ്ടി യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം 1 യൂണിറ്റിൽ 6.78 ലക്ഷം രൂപയും ചെലവഴിച്ചു. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം 8 യൂണിറ്റുകളിലായി 3.99 ലക്ഷം രൂപയും ഒരു കുടുംബം, ഒരു സംരംഭം പദ്ധതി പ്രകാരം 4 യൂണിറ്റുകളിലായി 8.98 ലക്ഷം രൂപയും ചെലവഴിച്ചു.<br><br>കിൻഫ്ര കാസർഗോഡ് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളായ കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്കിനും അതിനോട് ചേർന്നുള്ള ജങ്ക് യാർഡ് നിർമ്മാണത്തിനുമായി 13.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി കാസർഗോഡ് ജില്ലയിൽ സി.എം. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീമിന്റെ ഭാഗമായി 5 യൂണിറ്റുകൾക്ക് 20.25 കോടി രൂപ വായ്പ അനുവദിക്കുകയുണ്ടായി. |
| (സി) | വ്യവസായ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | വ്യവസായ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. പവർലൈനും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ